# PSC Up School Assistant - Malayalam Medium - Education Examination

# Previous Year Question Paper

***Exam Name:** Up School Assistant - Malayalam Medium - Education*

***Date of Test : 03.05.2016***

***Question Paper Code: 060/2016***

***Medium of Questions: Malayalam***

PSCNET.in

# 060/2016

Maximum : 100 marks

Time : 1 hour and 15 minutes

1. സുന്ദർബൻസ് നാഷണൽ പാർക്ക് സ്ഥിതിചെയ്യുന്നത് :
   (A) ഉത്തർപ്രദേശ് (B) ഡൽഹി
   (C) കർണ്ണാടകം (D) പശ്ചിമബംഗാൾ

2. 2018-ലെ ഹോക്കി ലോകകപ്പിന് വേദിയാകുന്ന രാജ്യം :
   (A) നെതർലൻഡ് (B) ഇംഗ്ലണ്ട്
   (C) ഇന്ത്യ (D) പാക്കിസ്ഥാൻ

3. വിങ്സ് ഓഫ് ഫയർ എന്ന ആത്മകഥ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (A) മാർഗരറ്റ് താച്ചർ (B) ഡോ. എ.പി.ജെ. അബ്ദുൾ കലാം
   (C) ബരാക് ഒബാമ (D) ആർ. വെങ്കിട്ടരാമൻ

4. അരി, ഗോതമ്പ് എന്നിവ ദാരിദ്ര കുടുംബങ്ങൾക്ക് ചെറിയ തുകയ്ക്ക് ലഭ്യമാക്കാനുള്ള പദ്ധതി :
   (A) അന്ത്യോദയ അന്നയോജന (B) ജവഹർ റോസ്ഗാർ യോജന
   (C) സമഗ്ര ആവാസ് യോജന (D) ഗ്രാമസ്വ റോസ്ഗാർ യോജന

5. കേരളത്തിൽ ഏറ്റവും കൂടുതൽ കണ്ടൽക്കാടുകൾ കാണപ്പെടുന്ന ജില്ല :
   (A) ആലപ്പുഴ (B) കണ്ണൂർ
   (C) വയനാട് (D) കൊല്ലം

6. പെരിയാറിന്റെ പ്രധാന പോഷക നദിയാണ് :
   (A) മഞ്ചേശ്വരംപുഴ (B) ചാലിപ്പുഴ
   (C) മുതിരപ്പുഴ (D) കാഞ്ഞിരപ്പുഴ

7. കേരളത്തിൽ കാണപ്പെടുന്ന മണ്ണിനങ്ങളിൽ 68 ശതമാനം പ്രദേശത്തും കാണപ്പെടുന്നത് :
   (A) കളിമണ്ണ് (B) ചെമ്മണ്ണ്
   (C) കറുത്തമണ്ണ് (D) ലാറ്ററൈറ്റ്

8. കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരായ ആദ്യത്തെ സംഘടിത പ്രക്ഷോഭം :
   (A) ആറ്റിങ്ങൽ കലാപം (B) അഞ്ചുതെങ്ങ് കലാപം
   (C) പഴശ്ശിയുടെ കലാപം (D) കുറിച്യരുടെ കലാപം



Join PSC WhatsApp Broadcast List : 90747 20773

9. കേരളത്തിലെ ആദ്യത്തെ കത്തോലിക്ക സംസ്കൃത സ്കൂൾ ആരംഭിച്ചത് ആരുടെ നേതൃത്വത്തിലായിരുന്നു?

(A) പാമ്പാടി ജോൺ ജോസഫ്

(B) ഡോ. വേലുക്കുട്ടി അരയൻ

(C) ആനന്ദതീർത്ഥൻ

(D) ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചൻ

10. അവശതയനുഭവിക്കുന്ന തന്റെ വിഭാഗത്തിന്റെ മോചനത്തിനായി 'അടിലഹള' എന്ന് അറിയപ്പെട്ടിരുന്ന പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയത് :

(A) ശ്രീനാരായണ ഗുരു

(B) അയ്യങ്കാളി

(C) പൊയ്കയിൽ ശ്രീ. കുമാരഗുരുദേവൻ

(D) വൈകുണ്ഠസ്വാമികൾ

11. വാതക തന്മാത്രകൾക്ക് ദ്രാവക തന്മാത്രകളേക്കാൾ :

(A) ചലന വേഗത കുറവായിരിക്കും

(B) തമ്മിലുള്ള അകലം കുറവായിരിക്കും

(C) ആകർഷണബലം കുറവായിരിക്കും

(D) ഊർജ്ജം കുറവായിരിക്കും

12. സമ്പർക്ക പ്രക്രിയ വഴിയാണ് വ്യാവസായികമായി :

(A) അമോണിയ നിർമ്മിക്കുന്നത്

(B) സൾഫ്യൂരിക് ആസിഡ് നിർമ്മിക്കുന്നത്

(C) നൈട്രിക് ആസിഡ് നിർമ്മിക്കുന്നത്

(D) അലുമിനിയം നിർമ്മിക്കുന്നത്

13. ജലം തിളച്ച് നീരാവിയാകുന്നത് :

(A) 100 K യിൽ ആണ്

(B) 100° F ൽ ആണ്

(C) 273 K യിൽ ആണ്

(D) 373 K യിൽ ആണ്

14. അന്തരീക്ഷ ഊഷ്മാവിൽ ദ്രാവകാവസ്ഥയിലുള്ള ഒരു അലോഹ മൂലകമാണ് :

(A) മെർക്കുറി

(B) ബ്രോമിൻ

(C) ഗാലിയം

(D) സൾഫർ

15. ആധുനിക ആവർത്തനപ്പട്ടികയിൽ ആകെ :

(A) 4 ബ്ലോക്കുകളുണ്ട്

(B) 7 ബ്ലോക്കുകളുണ്ട്

(C) 18 ബ്ലോക്കുകളുണ്ട്

(D) 118 ബ്ലോക്കുകളുണ്ട്

16. നിറം ഇല്ലാത്ത ഒരു സംയുക്തമാണ് :

(A) സോഡിയം ഹൈഡ്രോക്സൈഡ്

(B) കോപ്പർ സൾഫേറ്റ്

(C) അമോണിയം ഡൈക്രോമേറ്റ്

(D) മാംഗനീസ് ഡയോക്സൈഡ്

17. അലസവാതകമല്ലാത്തത് :

(A) സിനോൺ

(B) ഹീലിയം

(C) ഗാലിയം

(D) റെഡോൺ



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

18. അമോണിയ വാതകം ഈർപ്പരഹിതമാക്കുന്നതിന് ഉപയോഗിക്കുന്നത് :
(A) ഗാഢസൾഫ്യൂരിക് ആസിഡ് (B) ഗാഢനൈട്രിക് ആസിഡ്
(C) സോഡിയം ക്ലോറൈഡ് (D) കാത്സ്യം ഓക്സൈഡ്

19. സിൽവർ നൈട്രേറ്റ് ഉപയോഗിച്ചാണ് :
(A) സൾഫേറ്റ് തിരിച്ചറിയുന്നത് (B) നൈട്രേറ്റ് തിരിച്ചറിയുന്നത്
(C) കാർബണേറ്റ് തിരിച്ചറിയുന്നത് (D) ക്ലോറൈഡ് തിരിച്ചറിയുന്നത്

20. 4-അസറ്റമിഡോ ഫിനോൾ എന്നത് :
(A) ലോഷൻ ആണ് (B) ആസ്പിരിൻ ആണ്
(C) പാരസെറ്റമോൾ ആണ് (D) റെസിൻ ആണ്

21. പ്രാഥമിക വർണ്ണമല്ലാത്തത് :
(A) പച്ച (B) മഞ്ഞ
(C) നീല (D) ചുവപ്പ്

22. ഡയോഡിന്റെ ധർമ്മം എന്താണ്?
(A) റെക്റ്റിഫിക്കേഷൻ (B) വൈദ്യുതി സംഭരിച്ചു വയ്ക്കൽ
(C) ആംപ്ലിഫിക്കേഷൻ (D) ഓസിലേഷൻ

23. ഇൻഡക്റ്റൻസിന്റെ യൂണിറ്റാണ് :
(A) ആംപിയർ (B) ഫാരഡ്
(C) ഹെൻറി (D) ഓം

24. ക്രാന്തിവൃത്തത്തെ ———— ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
(A) 28 (B) 30
(C) 12 (D) 365

25. പാചക വാതകത്തിന് ഗന്ധം കിട്ടാനായി ചേർക്കുന്ന പദാർത്ഥമാണ് :
(A) ഈഥൈൽ ആൽക്കഹോൾ (B) ഈഥൈൽ മെർ ക്യാപ്റ്റൻ
(C) ബെൻസീൻ (D) നാഫ്ത്തലീൻ

26. കലോറിഫിക് മൂല്യം ഏറ്റവും കൂടിയ ഇന്ധനമാണ് :
(A) LPG (B) LNG
(C) ഹൈഡ്രജൻ (D) പെട്രോൾ

27. ഒരു ട്രാൻസ്ഫോർമറിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നത് :
(A) സെൽഫ് ഇൻഡക്ഷൻ (B) മ്യൂച്വൽ ഇൻഡക്ഷൻ
(C) മോട്ടോർ നിയമം (D) ഫ്ലെമിംഗിന്റെ ഇടതുകൈ നിയമം



Join PSC WhatsApp Broadcast List : 90747 20773

28. ശബ്ദം കൂടുതൽ വേഗത്തിൽ സഞ്ചരിക്കുന്നത് :
(A) അലുമിനിയത്തിലാണ്
(B) ശുദ്ധജലത്തിൽ കൂടിയാണ്
(C) ശൂന്യതയിലാണ്
(D) വായുവിലാണ്

29. ഇൻഫ്രാസോണിക് ശബ്ദം :
(A) 20 kHz ൽ കൂടിയത്
(B) 200 kHz ൽ
(C) 20 Hz ൽ കൂടിയത്
(D) 20 Hz ൽ കുറഞ്ഞത്

30. നീലനിറത്തിൽ കാണപ്പെടുന്ന നക്ഷത്രമാണ് :
(A) തൃക്കേട്ട
(B) റീഗൽ
(C) ചോതി
(D) തിരുവാതിര

31. 'ജീൻ' എന്ന പദം ആദ്യമായി ഉപയോഗിച്ച ശാസ്ത്രജ്ഞൻ :
(A) ജൊഹാൻസൺ
(B) ലാമാർക്ക്
(C) ഹർഗോവിന്ദ് ഖൊരാന
(D) ഗ്രിഗർ ജോൺ മെൻഡൽ

32. പുൽത്തുമ്പിലൂടെ അധികമുള്ള ജലം സസ്യശരീരത്തിൽ നിന്ന് പുറത്തേക്ക് പോകുന്ന പ്രവർത്തനം :
(A) സംവഹനം
(B) സസ്യസ്വേദനം
(C) ഗട്ടേഷൻ
(D) ആഗിരണം

33. ഫംഗസ് ബാധമൂലം ഉണ്ടാകുന്ന ഒരു രോഗം :
(A) മന്ത്
(B) മലമ്പനി
(C) പേവിഷബാധ
(D) വട്ടച്ചൊറി

34. ഒറ്റപ്പെട്ടതു കണ്ടെത്തുക :
(A) മൈക്കോപ്ലാസ്മ
(B) ബാക്ടീരിയ
(C) അമീബ
(D) സൈയാനോ ബാക്ടീരിയ

35. ആമാശയത്തിൽ ഉൽപാദിക്കപ്പെടുന്ന ആസിഡ് :
(A) $HNO_3$
(B) HCL
(C) $H_2SO_4$
(D) $CACO_3$

36. ജന്തുകോശത്തിൽ മാത്രം കാണപ്പെടുന്ന കോശാംഗം :
(A) റൈബോസോം
(B) മൈറ്റോകോൺട്രിയോൺ
(C) എൻഡോപ്ലാസ്മിക് റെറ്റിക്കുലം
(D) ലൈസോസോം

37. കാണ്ഡത്തിൽ ആഹാരം സംഭരിച്ചു വയ്ക്കുന്ന ഒരു സസ്യം :
(A) കരിമ്പ്
(B) മരച്ചീനി
(C) ക്യാരറ്റ്
(D) ബീറ്റ്റൂട്ട്



Join PSC WhatsApp Broadcast List : 90747 20773

38. നാം ഒരു വസ്തുവിനെ നോക്കുമ്പോൾ പ്രതിബിംബം പതിയുന്നത് കണ്ണിന്റെ ഏതു ഭാഗത്താണ്?
(A) ലെൻസ് (B) റെറ്റിന
(C) കോർണിയ (D) നേത്രാവരണം

39. ഹൃദയത്തെ പൊതിഞ്ഞു സംരക്ഷിക്കുന്ന ഇരട്ട സ്തരം :
(A) മെനിഞ്ചസ് (B) പ്ലൂറ
(C) പെരികാർഡിയം (D) കോശസ്തരം

40. പ്രായപൂർത്തിയായ ഒരു മനുഷ്യനിൽ എത്ര അസ്ഥികളുണ്ട്?
(A) 216 (B) 602
(C) 206 (D) 616

41. ലക്ഷ്മി പ്ലാനം എന്നറിയപ്പെടുന്ന വിശാല പീഠഭൂമി ഏതു ഗ്രഹത്തിലാണ്?
(A) ശുക്രൻ (B) ചൊവ്വ
(C) ബുധൻ (D) ഭൂമി

42. ആര്യന്മാർ മദ്ധ്യേഷ്യയിൽ നിന്ന് വന്നവരാണ് എന്ന് അഭിപ്രായപ്പെട്ട ജർമ്മൻ ചരിത്രകാരൻ :
(A) മെഗസ്തനീസ് (B) മാക്സ്മുള്ളർ
(C) മാസിഡോണിയ (D) ഹുയാങ്സാങ്

43. ലോകത്തിൽ ഏറ്റവും വലിയ ലിഖിത ഭരണഘടനയുള്ള രാജ്യം ഇന്ത്യയാണ് എന്നാൽ ഏറ്റവും ചെറിയ ലിഖിത ഭരണഘടനയുള്ള രാജ്യം ഏതാണ്?
(A) ബ്രിട്ടൻ (B) കാനഡ
(C) അമേരിക്ക (D) ജപ്പാൻ

44. ആദ്യമായി 1969-ൽ മനുഷ്യൻ ചന്ദ്രനിലിറങ്ങിയപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റ് :
(A) എഫ്.ഡി. റൂസ്‌വെൽറ്റ് (B) എബ്രഹാം ലിങ്കൺ
(C) ജോർജ്ജ് വാഷിംങ്ടൺ (D) റിച്ചാർഡ് നിക്സൺ

45. തിരുവിതാംകൂർ, തിരു-കൊച്ചി, കേരളം എന്നീ ഭരണഘടകങ്ങളുടെ സാരഥിയായിരുന്ന ഏക വ്യക്തി :
(A) പട്ടം താണുപിള്ള (B) സി.എച്ച്. മുഹമ്മദ് കോയ
(C) സി. അച്യുതമേനോൻ (D) കെ.ആർ. ഗൗരിയമ്മ

46. ആഗ്ര പട്ടണം ഏത് സംസ്ഥാനത്താണ്?
(A) ഉത്തർപ്രദേശ് (B) ഗുജറാത്ത്
(C) പശ്ചിമബംഗാൾ (D) ഡൽഹി

47. ലോകത്തിലെ ഏറ്റവും ഉയരമുള്ള യുദ്ധക്കളമായ സിയാച്ചിൻ സന്ദർശിച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി :
(A) വാജ്പേയി (B) ഇന്ദിരാഗാന്ധി
(C) ഡോ. മൻമോഹൻ സിംഗ് (D) നരസിംഹറാവു



Join PSC WhatsApp Broadcast List : 90747 20773

48. പ്രഭാതനക്ഷത്രം, സായാഹ്നനക്ഷത്രം എന്നീ പേരുകളുള്ള ഗ്രഹം :

(A) ബുധൻ (B) വ്യാഴം
(C) ശനി (D) ശുക്രൻ

49. ഇന്ത്യയുടെ തത്ത എന്ന് ചരിത്രത്തിൽ വിളിക്കപ്പെടുന്നത് ആരെ?

(A) അക്ബർ (B) അമീർ ഖുസ്രു
(C) ഷാജഹാൻ (D) അലാവുദ്ദീൻ ഖിൽജി

50. ശരീരോഷ്മാവ് ക്രമീകരിക്കുന്ന അവയവം :

(A) കരൾ (B) ത്വക്ക്
(C) നാക്ക് (D) ഹൃദയം

51. ഇന്ത്യൻ ജനസംഖ്യ 100 കോടി തികച്ച കുഞ്ഞിനു നല്കിയ പേര് :

(A) അനുഷ്ക (B) അക്ഷയ
(C) ആസ്ത (D) അഹല്യ

52. ആധുനിക സോഷ്യലിസത്തിന്റെ പിതാവ് :

(A) മസ്സീനി (B) മൊണ്ടസ്ക്യൂ
(C) റൂസ്സോ (D) കാറൽ മാർക്സ്

53. ഏറ്റവും കൂടുതൽ രാജ്യങ്ങളുടെ തപാൽ സ്റ്റാമ്പുകളിൽ പ്രത്യക്ഷപ്പെട്ട ഇന്ത്യക്കാരൻ :

(A) ശ്രീനാരായണ ഗുരു (B) സിസ്റ്റർ അൽഫോൻസ
(C) മഹാത്മാഗാന്ധി (D) മീരാഭായി

54. കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ഭ്രമണം ചെയ്യുന്ന ഒരു ഗ്രഹം :

(A) ശനി (B) വ്യാഴം
(C) ശുക്രൻ (D) ബുധൻ

55. ജനഗണമന ആദ്യമായി ആലപിക്കപ്പെട്ടതെന്ന്?

(A) 1911 (B) 1951
(C) 1949 (D) 1921

56. പ്രപഞ്ചം മുഴുവൻ എന്റെ ജന്മനാടാണ് എന്ന് പ്രഖ്യാപിച്ച ബഹിരാകാശ സഞ്ചാരി :

(A) ഇലാന്റ് മോൺ (B) കൽപ്പന ചൗള
(C) ഡെന്നീസ് ടിറ്റോ (D) രാകേഷ് ശർമ്മ

57. പോവർട്ടി ആന്റ് അൺ ബ്രിട്ടീഷ് റൂൾ ഇൻ ഇൻഡ്യ എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് :

(A) ബാലഗംഗാധര തിലകൻ (B) ഗോപാലകൃഷ്ണ ഗോഖലെ
(C) മുഹമ്മദലി ജിന്ന (D) ദാദാഭായ് നവറോജി



Join PSC WhatsApp Broadcast List : 90747 20773

58. സൂര്യഗ്രഹണം സാധാരണ ഉണ്ടാകുന്നത് ഏത് ദിവസമാണ്?

(A) പൗർണ്ണമി നാളിൽ (B) ചന്ദ്രഗ്രഹണ വേളയിൽ

(C) അമാവാസി നാളിൽ (D) ഇതൊന്നുമല്ല

59. ബംഗാളിൽ ശാശ്വത ഭൂനികുതി വ്യവസ്ഥ നടപ്പിലാക്കിയ ഗവർണ്ണർ ജനറൽ :

(A) കോൺവാലീസ് (B) വെല്ലസ്ലി

(C) റിപ്പൺ പ്രഭു (D) കഴ്സൺ പ്രഭു

60. ഇന്ത്യൻ ദേശീയ പതാകയുടെ ശില്പി :

(A) നെഹ്റു (B) പിംഗലി വെങ്കയ്യ

(C) അംബേദ്കർ (D) ടി. പ്രകാശം

61. $\frac{x}{5}=\frac{y}{8}$ ആണെങ്കിൽ $(x+5):(y+8)$ എത്ര?

(A) 3 : 5 (B) 13 : 8

(C) 8 : 5 (D) 5 : 8

62. ഒരു വ്യക്തി നിശ്ചിത തുകയായ 6351 രൂപ 7 വർഷത്തേക്ക് 5% വാർഷിക പലിശ നിരക്കിൽ ബാങ്കിൽ നിക്ഷേപിച്ചു. അത്രയും വർഷത്തേക്കുള്ള സാധാരണ പലിശ കണക്കാക്കുക :

(A) 2222.85 രൂപ (B) 2208.55 രൂപ

(C) 2282.55 രൂപ (D) 2525.85 രൂപ

63. 10, 6, 2, ... എന്ന ശ്രേണിയിലെ അടുത്ത പദം (4-ാം പദം) കാണുക :

(A) 2 (B) -2

(C) 0 (D) 10

64. ഒരു ചതുരത്തിന്റെ വിസ്തീർണ്ണം, മറ്റൊരു സമചതുരത്തിന്റെ വിസ്തീർണ്ണത്തിന്റെ 4 മടങ്ങാണ്. ചതുരത്തിന്റെ നീളം 90 cm ആണ്. ചതുരത്തിന്റെ വീതി, സമചതുരത്തിന്റെ വശത്തിന്റെ മൂന്നിൽ രണ്ടു ഭാഗമാണ്. എങ്കിൽ സമചതുരത്തിന്റെ വശമെത്ര?

(A) 10 cm (B) 20 cm

(C) 15 cm (D) 9 cm

65. $0.08 \times 0.5 + 0.9 =$

(A) 1.3 (B) 0.94

(C) 0.112 (D) 1.5

66. ഒരു സംഖ്യയുടെ അഞ്ചിൽ ഒരു ഭാഗത്തിനോട് 4 കൂട്ടിയത്, അതേ സംഖ്യയുടെ നാലിൽ ഒരു ഭാഗത്തിൽ നിന്ന് 10 കുറച്ചതിന് സമമാണ്. സംഖ്യയേത്?

(A) 240 (B) 260

(C) 270 (D) 280



Join PSC WhatsApp Broadcast List : 90747 20773

67. 36 തൊഴിലാളികൾ ഒരു പ്രത്യേക ജോലി 18 ദിവസം കൊണ്ട് പൂർത്തിയാക്കും. 27 തൊഴിലാളികൾ സമാനമായ ജോലി എത്ര ദിവസം കൊണ്ട് പൂർത്തിയാക്കും?

(A) 30 (B) 27
(C) 24 (D) 29

68. $\left(\frac{1}{2}\right)^5$ നെ $\left(\frac{1}{2}\right)^8$ കൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യയേത്?

(A) 8 (B) 4
(C) 13 (D) 16

69. രണ്ടു വ്യക്തികൾ മത്സരിച്ച ഒരു തെരഞ്ഞെടുപ്പിൽ ഒരാൾ മൊത്തം വോട്ടിന്റെ 35% വോട്ടുകൾ നേടി. അയാൾ 450 വോട്ടിന് തോൽക്കുകയും ചെയ്തു. അസാധു ഒന്നും തന്നെ ഇല്ല. എങ്കിൽ ആകെ വോട്ടുകളുടെ എണ്ണമെത്ര?

(A) 1000 (B) 2000
(C) 3000 (D) 1500

70. $29, x, x+15, 108$ ഇവയുടെ ശരാശരി 73.5 ആണെങ്കിൽ $x$ എത്ര?

(A) 80 (B) 73
(C) 71 (D) 61

71. Meera usually ———— (visit) the church twice in a month.

(A) visited (B) had visit
(C) visit (D) visits

72. Let us go for a walk, ————

(A) don't we? (B) do we?
(C) shall we? (D) shall I?

73. Children enjoyed ———— beauty of nature.

(A) the (B) an
(C) a (D) at

74. Hari "I was a student of A.P.J. Abdul Kalam":

(A) Hari said that he were a student of A.P.J. Abdul Kalam
(B) Hari said that he has been a student of A.P.J. Abdul Kalam
(C) Hari said that he had been a student of A.P.J. Abdul Kalam
(D) Hari said that he was a student of A.P.J. Abdul Kalam



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

75. Kavitha wrote a novel :

(A) A novel was written by Kavitha
(B) A novel is written by Kavitha
(C) A novel was wrote by Kavitha
(D) A novel is wrote by Kavitha

76. ———— is the synonym of primitive.

(A) Modern
(B) Ordinary
(C) Ancient
(D) Prestige

77. ———— is the phrasal verb of the word "tolerate".

(A) Put on
(B) Put out
(C) Put off
(D) Put up with

78. Which of the following is an example for suffix?

(A) encourage
(B) successful
(C) dislike
(D) impossible

79. One who hates mankind as a whole :

(A) misogynist
(B) misanthrope
(C) misologist
(D) misogamist

80. Which one is the correct spelt word?

(A) brochure
(B) brosher
(C) broshure
(D) broshre

81. സ്വത്വസാക്ഷാത്കാര സിദ്ധാന്തം ആവിഷ്കരിച്ച മനഃശാസ്ത്രജ്ഞൻ ആര്?

(A) കാൾ റോജേഴ്സ്
(B) അബ്രഹാം മാസ്ലോ
(C) ലോറൻസ് കോൾബർഗ്
(D) കാൾ യുങ്

82. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ വ്യക്തിത്വത്തിന് മൂന്ന് തലങ്ങളുണ്ട്. അവയിൽ ഒന്നാണ് ഇദ്ദ്. ഇദ്ദ് പ്രവർത്തിക്കുന്നത് :

(A) സുഖേച്ഛയുടെ അടിസ്ഥാനത്തിൽ
(B) നൈതികബോധത്തിന്റെ അടിസ്ഥാനത്തിൽ
(C) യാഥാർത്ഥ്യ ബോധത്തിന്റെ അടിസ്ഥാനത്തിൽ
(D) ഇതൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

83. ഓർമ്മയുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് യോജിക്കാൻ കഴിയാത്തത് ഏത്?

(A) കുട്ടികൾക്ക് വസ്തുതകൾ ഓർത്തെടുക്കാനും പ്രയോഗിക്കാനും കഴിയുന്നത് മനസ്സിലാക്കി പഠിക്കുമ്പോഴാണ്

(B) കാണാപാഠം പഠിക്കുന്നത് ഹ്രസ്വകാല ഓർമ്മകളേക്കാൾ ദീർഘകാല ഓർമ്മകളിൽ സൂക്ഷിക്കുന്നത് പര്യാപ്തമാണ്

(C) ആശയങ്ങൾ ശ്രേണീബന്ധമായി ക്രമീകരിക്കുന്നത് ഓർമ്മകളിൽ നിലനിർത്തുന്നതിന് അനുയോജ്യമാണ്

(D) വൈവിധ്യമുള്ള പഠനാനുഭവങ്ങൾ ലഭിക്കുന്നത് ദീർഘകാലം ഓർമ്മിക്കുന്നതിന് സഹായകമാണ്

84. പ്രൈമറി ക്ലാസ്സുകളിൽ പഠനം എങ്ങനെയായിരിക്കണമെന്ന ചില പ്രസ്താവനകളാണ് താഴെ നൽകിയിരിക്കുന്നത്. അവയിൽ നിങ്ങൾക്ക് യോജിക്കാൻ കഴിയുന്നത് ഏതാണ്?

(A) പഠനോപകരണങ്ങൾ ഉപയോഗിച്ച് വിശദീകരിച്ചു കൊടുക്കണം

(B) കുട്ടിക്ക് ഉള്ളടക്കം ലഭിക്കുന്നതിനായിരിക്കണം പ്രാധാന്യം നൽകേണ്ടത്

(C) എല്ലാ യൂണിറ്റുകളും പൂർണ്ണമാക്കുന്നതിനായിരിക്കണം പ്രഥമ പരിഗണന

(D) കുട്ടിയുടെ അന്വേഷണത്തിനും ചിന്തയ്ക്കും പ്രാധാന്യമുള്ള പഠനപ്രവർത്തനങ്ങൾ നൽകണം

85. സാമൂഹികപഠനം എന്ന സിദ്ധാന്തം ആവിഷ്കരിച്ച മനഃശാസ്ത്രജ്ഞൻ ആര്?

(A) ഇ.എൽ. തോൺഡേക്ക് (B) ലെ വൈഗോട്സ്കി

(C) ആൽബർട്ട് ബന്ദൂര (D) ബി.എഫ്. സ്കിന്നർ

86. എറിക് എറിക്സന്റെ സാമൂഹിക വികാസവുമായി ബന്ധപ്പെട്ട ഒരു പ്രതിസന്ധി ഘട്ടമാണ് സന്നദ്ധത/കുറ്റബോധം (initiative/guilt). ഈ പ്രതിസന്ധി തരണം ചെയ്യാൻ കുട്ടിയെ പ്രാപ്തനാക്കുന്നതിന് തടസ്സം നിൽക്കുന്നത് ഏതാണ്?

(A) കുട്ടിയുടെ അന്വേഷണത്വരയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകണം

(B) ചെറിയ വിജയങ്ങളായാലും അംഗീകരിക്കണം

(C) കൂട്ടായ കളികളെ പ്രോത്സാഹിപ്പിക്കണം

(D) ക്ലാസ്സുകളിൽ തന്നെ കൂടുതൽ സമയമിരുത്തി പഠന പ്രവർത്തനങ്ങൾ നൽകണം

87. കുട്ടി തന്റെ മുന്നറിവിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ പുതിയ അറിവിനെ അഥവാ അനുഭവത്തെ വ്യാഖ്യാനിക്കുന്നതിന് പിയാഷെ ഉപയോഗിക്കുന്ന പദം താഴെ പറയുന്നവയിൽ ഏതാണ്?

(A) സ്വാംശീകരണം (B) സംസ്ഥാപനം

(C) അനുരൂപീകരണം (D) സംയോജനം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

88. നിങ്ങൾ ക്ലാസ്സ് പി.ടി.എ. യോഗം നടത്തുകയാണെങ്കിൽ ഏറ്റവും കുറഞ്ഞ പരിഗണന നൽകുന്നത് ഏതിനായിരിക്കും?

(A) കുട്ടിയുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കൾക്ക് എങ്ങനെയൊക്കെ ഇടപെടാൻ കഴിയുമെന്ന ക്ലാസ്സ് നൽകും

(B) കുട്ടിയുടെ പഠന പിന്നോക്കാവസ്ഥ രക്ഷിതാക്കളെ അറിയിക്കും

(C) യോഗം വിളിക്കുമ്പോൾ രക്ഷിതാക്കളുടെ സൗകര്യത്തിന് കൂടുതൽ പ്രാധാന്യം നൽകും

(D) രക്ഷിതാക്കളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളൊരുക്കും

89. പ്രായോഗിക ബുദ്ധിമാപനം ആദ്യമായി അവതരിപ്പിച്ചത് :

(A) ലൂയി ടെർമാൻ
(B) ഹെൻറി ഗൊഡാർഡ്
(C) ആൽഫ്രഡ് ബിനെ
(D) ഫ്രാൻസിസ് ഗാൽട്ടൻ

90. ഫലപ്രദമായ പഠനത്തിന് പ്രധാനപ്പെട്ട ഒരു ഘടകമാണ് സ്കൂൾ അന്തരീക്ഷം. താഴെ കൊടുത്തിട്ടുള്ളവയിൽ സ്കൂൾ അന്തരീക്ഷവുമായി ബന്ധപ്പെട്ട് ഏറ്റവും അവസാനം പരിഗണിക്കേണ്ട ഘടകം ഏതാണ്?

(A) പഠനം ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുന്നതിനുള്ള ആസൂത്രണം

(B) പഠനത്തോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങൾക്കും പ്രാധാന്യം ലഭിക്കുന്നത്

(C) കുട്ടികളോട് അനുതാപവും വ്യക്തിബന്ധവും സൂക്ഷിക്കുന്ന അദ്ധ്യാപകർ

(D) കുട്ടികളുടെ ക്ഷേമത്തൊടൊപ്പം അദ്ധ്യാപകരുടെ ക്ഷേമവും പരിഗണിക്കുന്നത്

91. ബഹുമുഖബുദ്ധി സിദ്ധാന്തം രൂപപ്പെടുത്തിയ മനഃശാസ്ത്രജ്ഞൻ :

(A) പീറ്റർ സലോവെ
(B) ഡാനിയൽ ഗോൾമാൻ
(C) ഹോവാഡ് ഗാർഡനർ
(D) ജോൺ മേയർ

92. ആശയരൂപീകരണവുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് യോജിക്കാൻ കഴിയാത്തത് ഏത്?

(A) അനുയോജ്യമായ ഉദാഹരണങ്ങളോടൊപ്പം അനുയോജ്യമല്ലാത്ത ഉദാഹരണങ്ങൾ നൽകുന്നത് ആശയരൂപീകരണത്തിന് തടസ്സം സൃഷ്ടിക്കും

(B) നൽകുന്ന ആശയങ്ങൾ വ്യക്തവും മൂർത്തമായ ഉദാഹരണങ്ങളോടു കൂടിയതുമായിരിക്കണം

(C) പഠിച്ച ആശയങ്ങൾ പുതിയ സാഹചര്യത്തിൽ പ്രയോഗിക്കാനുള്ള സന്ദർഭങ്ങൾ ഒരുക്കണം

(D) പുതിയ ആശയങ്ങളെ കുട്ടികൾക്കറിയാവുന്ന സമാനമായ മുൻ ആശയവുമായി ബന്ധിപ്പിക്കാൻ കഴിയണം

93. മനുഷ്യൻ ജനിക്കുന്നത് ഭാഷാപഠന സംവിധാനത്തോടെയാണെന്ന് പറഞ്ഞ ഭാഷാശാസ്ത്രജ്ഞൻ ആര്?

(A) ഴാങ് പിയാഷെ
(B) ഹൈഡഗർ
(C) നോംചോംസ്കി
(D) വോർഫ്

94. വിമർശനാത്മക ചിന്തയുമായി പൊരുത്തപ്പെടാത്തത് ഏത്?

(A) ശരിയുത്തരങ്ങളിലേക്ക് കുട്ടികളെ നയിക്കുക

(B) കുട്ടികളുടെ ചോദ്യങ്ങൾക്ക് ഉയർന്ന പരിഗണന നൽകുക

(C) കുട്ടികളുടെ പ്രതികരണങ്ങൾക്ക് വിശദീകരണം ആവശ്യപ്പെടുക

(D) കുട്ടികളുടെ ബുദ്ധിപരമായ ജിജ്ഞാസയെ പ്രോത്സാഹിപ്പിക്കുക



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

95. അനുയോജ്യമല്ലാത്ത കൈത്താങ്ങ് (Scaffolding) ഏതാണ്?

(A) കുട്ടിക്ക് സൂചനകൾ നൽകി സഹായിക്കുക

(B) സ്വയം ചെയ്യാനുള്ള നിർദ്ദേശങ്ങൾ നൽകുക

(C) ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ചോദ്യങ്ങളിലൂടെയും നിർദ്ദേശങ്ങളിലൂടെയും സ്വയം ആശയം രൂപീകരിക്കുന്നതിന് സഹായിക്കുക

(D) കുട്ടിക്ക് ശരിയായ ആശയങ്ങൾ പറഞ്ഞു കൊടുക്കുക

96. പാഠ്യപദ്ധതി ചാക്രികാരോഹണരീതിയാലാവണം എന്ന് നിർദ്ദേശിച്ച വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞനാണ് :

(A) ലെ വൈഗോട്സ്കി

(B) ജെറോം എസ്. ബ്രൂണർ

(C) ജീൻ പിയാഷെ

(D) ബി.എഫ്. സ്കിന്നർ

97. കുട്ടികളിൽ നൈതികത രൂപപ്പെടുത്തുന്നതിന് നിങ്ങൾ തീരേ പരിഗണിക്കാനിടയില്ലാത്തത് :

(A) നിയമങ്ങൾ ലംഘിക്കുന്ന/മറ്റു കുട്ടികളെ കളിയാക്കുന്ന കുട്ടിക്ക് ലഘുവായ ശിക്ഷ നൽകും

(B) ഓരോ കുട്ടിക്കും മികച്ച പരിഗണന നൽകും

(C) കുട്ടിക്ക് പറയാനുള്ള കാര്യങ്ങൾ ക്ഷമയോടെ കേൾക്കും

(D) സഹപ്രവർത്തകരോടും കുട്ടികളോടും പരസ്പര ബഹുമാനത്തോടെ ഇടപെടും

98. 'ഭാഷയ്ക്കും ചിന്തയ്ക്കും വ്യത്യസ്തമായ ജനിതക വേരുകളാണുള്ളത്. രണ്ടും വികാസം പ്രാപിക്കുന്നത് വ്യത്യസ്ത വഴികളിലൂടെയും സ്വതന്ത്രവുമായാണ്". ഭാഷാവികാസത്തെക്കുറിച്ചുള്ള ഈ കണ്ടെത്തലുകൾ ആരുടേതാണ്?

(A) പിയാഷെ

(B) ഹാൻസ് ഫോർത്ത്

(C) ഷാഫർ

(D) വൈഗോട്സ്കി

99. സമായോജന തന്ത്രങ്ങളിൽ ഒന്നാണ് പ്രക്ഷേപണം. പ്രക്ഷേപണവുമായി യോജിക്കുന്നത് ഏതാണ്?

(A) പീഡനാനുഭവങ്ങളെ അബോധമനസ്സിലേക്ക് തള്ളുക

(B) സ്വന്തം പ്രവൃത്തികൊണ്ടുള്ള പരാജയങ്ങൾക്ക് മറ്റു കാരണങ്ങൾ കണ്ടെത്തുക

(C) അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന മനോഭാവം

(D) കിട്ടാത്ത മുന്തിരി പുളിക്കും എന്ന രീതി

100. ഏതു തരം വിലയിരുത്തലിലാണ് അതീത ചിന്ത (Metacognition) യുടെ സാധ്യതകളുള്ളത്?

(A) പഠനത്തിനായുള്ള വിലയിരുത്തൽ

(B) പഠനത്തിന്റെ വിലയിരുത്തൽ

(C) വിലയിരുത്തൽ തന്നെ പഠനം

(D) ഇതൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773